## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6126

04.07.2019- ൽ
മറുപടിയ്ക്ക്

### കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസിനായുള്ള ഭൂമി

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതു ആവശ്യങ്ങൾക്കായി മാറ്റിവെച്ച ഭൂമിയിൽ നിന്നും കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | കാടാമ്പുഴ കെ.എസ്.ഇ.ബി ഓഫീസിന് ഭൂമി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മലപ്പുറം ജില്ലാ കളക്ടറോട് ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ 6/10/2018-ൽ സർക്കാർ ആവശ്യപ്പെട്ടിരുന്നു. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | ഇല്ല. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് 28/6/2019 ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതായി മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) | മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല |

Indu S S

സെക്ഷൻ ഓഫീസർ

File No.DCMPM 11670/2018-B4

ഭരണപരം

5

ഫോൺ : 0483 2734922
ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

കളക്ടറേറ്റ്,മലപ്പുറം
പിൻ : 676505
തിയ്യതി :28/06/2019

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

ലാൻറ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം :- തിരൂർ താലൂക്ക്-മേൽമുറി വില്ലേജ്- കാടാമ്പുഴ KSEB- സബ്സ്റ്റേഷന് ഭൂമി അനുവദിക്കുന്നതു സംബ-

സൂചന :- 1-അങ്ങയുടെ-6/10/18-ലെ 151/എൽ 1/2018-നമ്പർകത്ത്
2-മേൽമുറി വില്ലേജ് ഓഫീസറുടെ 28/6/19-ലെ റിപ്പോർട്ട്

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു . സൂചനപ്രകാരം മലപ്പുറം ജില്ല, തിരൂർ താലൂക്ക്, മേൽമുറി വില്ലേജിൽ കാടാമ്പുഴ KSEB-സബ്സ്റ്റേഷന് ഭൂമി അനുവദിക്കുന്ന വിഷയത്തിൽ മേൽമുറി വില്ലേജിൽ സർവ്വേ 180-ൽ നിന്നും പൊതു ആവശ്യങ്ങൾക്കുമാറ്റി വെക്കപ്പെട്ട ഭൂമിയുടെ വിശദവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കാൻ തിരൂർ തഹസിൽദാർ,വില്ലേജ് ഓഫീസർ മേൽമുറി എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നു.

മേൽമുറി വില്ലേജിൽ ശ്രീ ശിവരാമനുണ്ണി നായർ എന്നിവരിൽ നിന്നും മിച്ച ഭൂമിയായി ഏറ്റെടുത്ത സർവ്വേ 180 ൽപ്പെട്ട 3.80 ഏക്കർ ഭൂമി ഉള്ളതായി സൂചന 2 പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. തിരൂർ താലൂക്ക് ലാൻറ് ബോർഡിൻറെ 02/02/1977-ലെ CR 260/73 നമ്പർ ഉത്തരവ് പ്രകാരമാണ് മേൽ ഭൂമി മിച്ച ഭൂമിയായി ഏറ്റെടുത്തിട്ടുള്ളത്.

കേരള സ്റ്റേറ്റ് ലാൻറ് ബോർഡിൻറെ 18/12/2006 ലെ LB E7 12303/2005 നമ്പർ ഉത്തരവ് പ്രകാരം മേൽ മിച്ചഭൂമിയിൽ നിന്നും,പോലീസ് ഡിപ്പാർട്ട് മെൻറിൻറെ ക്യാമ്പ് ആവശ്യത്തിനായി 1.67 ഏക്കറും,, കാടാമ്പുഴ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി 50 സെൻറും, വഴിക്കായി 6 സെൻറും മൃഗാശുപത്രിക്കായി 10 സെൻറും,അംഗൻവാഡിക്കായി 5 സെൻറും ഉൾപ്പെടെ 2 ഏക്കർ 38 സെൻറ് സ്ഥലം വിട്ടു നൽകിയിട്ടുള്ളതാണെന്ന് സൂചന 2 പ്രകാരം വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊതു ആവശ്യത്തിനായി നീക്ക് വെച്ചിട്ടുള്ള സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും കാടാമ്പുഴ KSEB സബ്സ്റ്റേഷൻ നിർമ്മാണത്തിനു ഭൂമി കൈമാറ്റ നടപടി ക്രമങ്ങളിലൂടെ ഭൂമിവിട്ടു നൽകാൻ നിലവിലുള്ള നിയമം അനുവദിക്കാത്ത സാഹചര്യത്തിൽ ഭൂമിപതിവ് നടപടി ക്രമങ്ങളിലൂടെയോ പട്ട വ്യവസ്ഥയിലൂടെയോ മേൽ പദ്ധതിക്ക് ഭൂമി ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാൻ ബന്ധപ്പെട്ട കക്ഷികൾക്ക് നിർദേശം നൽകാവുന്നതാണെന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

Validity unknown
Digitally signed by VRINDA DEVI NR
Date: 2019.06.28 16:49:50 IST
Reason: Approved

വിശ്വാസപൂർവ്വം

ജില്ലാ കളക്ടർക്ക് വേണ്ടി

Indu.S.S

സെക്ഷൻ ഓഫീസർ